"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്-ലൈഫ് മിഷൻ-ശ്രീമതി. സോഫി ജോയിക്ക് വീട് പുനരുദ്ധാരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡിബി)വകുപ്പ്**

സ.ഉ.(സാധാ) നം.569/2022/LSGD തീയതി,തിരുവനന്തപുരം, 10-03-2022

പരാമർശം:-

1. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 06/11/2021 കെ 3(5)-ാം നമ്പർ തീരുമാനം.
2. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08/12/2021 തീയതിയിലെ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 11.01.2022 തീയതിയിലെ 4.46-ാം നമ്പർ തീരുമാനം.

**ഉത്തരവ്**

വീട് പുനരുദ്ധാരണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ വണ്ണാപ്പുറം ഗ്രാമപഞ്ചായത്തിലെ ശ്രീമതി സോഫി ജോയി എന്ന ആൾ ഉൾപ്പെട്ടിരുന്നു. റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഇവർ പരേതനായ ഭർതൃപിതാവിന്റെ പേരിലുള്ള വീട്ടിലാണ് താമസിക്കുന്നതെന്നും വീട് പുനരുദ്ധാരണത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് ഭർതൃപിതാവിന്റെ പേരിലുള്ള വീട്ടു പുനരുദ്ധാരണം ചെയ്യുന്നതിന് അനുമതി നൽകണമെന്ന വിഷയം 11/01/2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം 11/01/2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും പരാമർശം (3) പ്രകാരം തീരുമാനമാവുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സോഫി ജോയിക്ക് ജീവിതകാലമത്രയും ഭർതൃപിതാവിന്റെ പേരിലുള്ള ഭവനത്തിൽ താമസിക്കാനുള്ള അവകാശമുണ്ടെന്ന് കരാർ പ്രകാരം വ്യവസ്ഥ ചെയ്യണമെന്ന നിബന്ധനയോടെ വീട് പുനരുദ്ധാരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി.

സെക്രട്ടറി, വണ്ണപ്പുറം ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിംഗ്, ഐ&പിആർഡി, തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 10-03-2022 13:13:02**
സെക്ഷൻ ഓഫീസർ